ഡ്യൂട്ടി സമയത്തുള്ള ലഹരി ഉപയോഗം

216 (220) ഡോ. കെ. ടി. ജലീൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മദ്യത്തിനും ലഹരി പദാർത്ഥങ്ങൾക്കും വിധേയരായി ഡ്യൂട്ടിക്ക് ഹാജരായതിന് ഈ വർഷം പോലീസ് സേനയിലുള്ള എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) മദ്യവും ലഹരിമരുന്നുകളും ഉപയോഗിച്ച് ഡ്യൂട്ടിക്ക് ഹാജരാകുന്നില്ലെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടി എന്തെല്ലാമാണ് ;

(സി) മദ്യപിച്ചും ലഹരിമരുന്നുകൾ ഉപയോഗിച്ചും ഡ്യൂട്ടിക്കെത്തിയവരുടെ പേരിൽ നടപടി എടുക്കാത്ത മേലധികാരികളുടെ ആരുടെയെങ്കിലും പേരിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) മദ്യത്തിനും ലഹരി പദാർത്ഥത്തിനും വിധേയരായി ഡ്യൂട്ടിക്ക് ഹാജരായതിന് ഈ വർഷം നടപടി സ്വീകരിച്ച പോലീസ് സേനാംഗങ്ങളുടെ (ജില്ല/യൂണിറ്റ് തിരിച്ച്) വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം സിറ്റി	1
കൊല്ലം സിറ്റി	4
കൊല്ലം റൂറൽ	3
പത്തനംതിട്ട	4
ആലപ്പുഴ	1
കോട്ടയം	1
ഇടുക്കി	4
എറണാകുളം സിറ്റി	3
കോഴിക്കോട് സിറ്റി	1
കോഴിക്കോട് റൂറൽ	2
വയനാട്	1
എസ്.സി.ആർ.ബി.	1
കെപ്പ	1
എസ്.എ.പി.	2
കെ.എ.പി. 2	1
ആകെ	30

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റേഷനുകളിൽ അപ്രതീക്ഷിത പരിശോധന നടത്തി സേനാംഗങ്ങൾ ഡ്യൂട്ടി സമയത്ത് മദ്യവും ലഹരിമരുന്നുകളും ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. സബ് ഡിവിഷൻ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി ഇല്ല.

നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ്

217 (221) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ് കേസിലെ പ്രതിയും കുറ്റവാളിയുമെന്ന് ആരോപിക്കപ്പെടുന്ന ശ്രീ. ഉഇപ്പ് വർഗ്ഗീസും കോട്ടയത്തെ ആശ്രയ ചാരിറ്റബിൾ ട്രസ്റ്റും തമ്മിലുണ്ടായിരുന്ന ബന്ധം അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ട്രസ്റ്റിന് ശ്രീ. ഉഇപ്പ് വർഗ്ഗീസിൽനിന്നും ലഭിച്ച സാമ്പത്തിക സഹായം എത്രയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

അനീഷിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം

218 (222) ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മുന്നിയൂർ സ്കൂളിലെ അദ്ധ്യാപകൻ അനീഷിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആർക്കെല്ലാം എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) പ്രതികളെ കണ്ടെത്തുന്നതിൽ പോലീസ് തികഞ്ഞ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അന്വേഷണം ഊർജ്ജിതമാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly